**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221** **06-07-2022 - ൽ മറുപടിയ്ക്ക്**

**എൻ.എഫ്.എസ്.എ./എഫ്.സി.ഐ. ഗോഡൗണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ എതെല്ലാം നിയോജക മണ്ഡലത്തിലാണ് എൻ.എഫ്.എസ്.എ/ എഫ്.സി.ഐ. ഗോഡൗണുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഒറ്റപ്പാലം, മണ്ണാർക്കാട്, ചിറ്റൂർ, നെന്മാറ, മലമ്പുഴ, ആലത്തൂർ, തരൂർ, പട്ടാമ്പി, തൃത്താല എന്നീ നിയോജക മണ്ഡലങ്ങളിൽ എൻ.എഫ്.എസ്.എ ഗോഡൗണുകളും മലമ്പുഴ നിയോജക മണ്ഡലത്തിൽ എഫ്.സി.ഐ ഗോഡൗണും നിലവിലുണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ എൻ.എഫ്.എസ്.എ./ എഫ്.സി.ഐ. ഗോഡൗണുകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പട്ടാമ്പി മണ്ഡലത്തിൽ രണ്ട് എൻ.എഫ്. എസ്.എ ഗോഡൗണുകൾ സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്. എല്ലാ താലൂക്കിലും വകുപ്പിന് സ്വന്തമായി എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുന്നതിന്റെ ഭാഗമായി കുറഞ്ഞത് 50 സെന്റ് സർക്കാർ ഭൂമി/ സ്വകാര്യ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ